ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

ഹാജർ : U.V.Jose IAS (Retd)

വിഷയം :- ത.സ്വ.ഭ.വ - ശുചിത്വമിഷൻ - ഖരമാലിന്യ (ജൈവം) സംസ്കരണം - Synod Bioscience എന്ന സ്ഥാപനത്തിന് നിലവിലുള്ള മേഖലകൾക്ക് പുറമെ ബയോഗ്യാസ് മേഖലയിൽ കൂടി അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-
1. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20-06-2024 തീയതിയിലെ 7431/C4/2023/SM നം. നടപടിക്രമം.
2. 30.09.2024 തീയതിയിൽ ചേർന്ന ശുചിത്വ മിഷൻ ടെക്നിക്കൽ കമ്മിറ്റി തീരുമാനം.
3. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22-10-2024 തീയതിയിലെ 7431/C4/2023/SM നം. നടപടിക്രമം.
4. Synod Bioscience എന്ന ഏജൻസി 26-05-2025, 04-06-2025 എന്നീ തീയതികളിൽ ൽ സമർപ്പിച്ച അപേക്ഷ.

നമ്പർ : SM/2489/2024-C4 തീയതി: 01-07-2025

ഉത്തരവ്

സംസ്ഥാനത്ത് Compressed Biogas through anaerobic digestion and VPSA technology purification എന്ന മാലിന്യ സംസ്കരണ സംവിധാനവും, In-vessel Organic Waste Composter എന്ന മാലിന്യ സംസ്കരണ സംവിധാനവും PPP അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് പരാമർശം (1), (3) ഉത്തരവ് പ്രകാരം Synod Bioscience എന്ന ഏജൻസിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (4) പ്രകാരം ബയോഗ്യാസ് പ്ലാന്റ് പദ്ധതികൾ നടപ്പിലാക്കുന്നതിൽ Synod Bioscience എന്ന സ്ഥാപനത്തിന് ഗണ്യമായ പരിചയമുണ്ടെന്നും, എന്നാൽ നിലവിലെ എംപാനൽമെന്റ് നടപടിക്രമത്തിൽ CBG എന്ന് പ്ലാന്റ് മാത്രം പ്രതിപാദിച്ചിരിക്കുന്നതിനാൽ, ബയോഗ്യാസ് പ്ലാന്റ് ടെൻഡറുകളിൽ പങ്കെടുക്കുന്നതിനുള്ള തങ്ങളുടെ അവസരം പരിമിതപ്പെടുന്നുവെന്നും, ആയതിനാൽ നിലവിലെ നടപടിക്രമം ഭേദഗതി വരുത്തി ബയോഗ്യാസ് പ്ലാന്റ് കൂടി സേവനമേഖലയായി ഉൾപ്പെടുത്തണമെന്നു ഏജൻസി അപേക്ഷിച്ചിരുന്നു.

പരാമർശം (4) പ്രകാരം സ്ഥാപനം സമർപ്പിച്ച വർക്ക് ഓർഡറുകൾ, കംപ്ലീഷൻ സർട്ടിഫിക്കറ്റുകൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണപരിപാലനത്തിൽ Synod Bioscience എന്ന സ്ഥാപനത്തിന്റെ മുൻ പരിചയവും യോഗ്യതയും ബോധ്യപ്പെട്ടിട്ടുണ്ട്.

Synod Bioscience എന്ന സ്ഥാപനത്തിന് നിലവിൽ അംഗീകാരം നൽകിയിട്ടുള്ള കംപ്രസ്ഡ് ബയോഗ്യാസ് (CBG) പ്ലാന്റ് എന്നത് പരമ്പരാഗത മോഡൽ ബയോഗ്യാസ് പ്ലാന്റുകളുടെ വിപുലീകൃത രൂപവും, വളരെയധികം സാങ്കേതിക വൈദഗ്ധ്യം ആവശ്യമുള്ള മേഖലയുമാണ്. ആയതിനാൽ പരാമർശം (4) പ്രകാരം സ്ഥാപനം സമർപ്പിച്ച അഭ്യർത്ഥന വസ്തുനിഷ്ഠമാണെന്നു ബോധ്യപ്പെട്ട സാഹചര്യത്തിൽ, നിലവിലുള്ള സേവനമേഖലയ്ക്ക് പുറമേ, പരാമർശം (1), (3) ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി, Synod Bioscience, എഴുപുന്ന സൗത്ത്, ചേർത്തല, ആലപ്പുഴ – 688 535 എന്ന സ്ഥാപനത്തിന് കൺവെൻഷണൽ ബയോഗ്യാസ് പ്ലാന്റ് മേഖലയിലും കൂടി

സേവനദാതാവായി അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. പ്രസ്തുത ഏജൻസിയുടെ സേവനകാലാവധി പരാമർശം (1) ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം 19-06-2027 വരെ ആയിരിക്കും.

| Name of Agency | Area Recommended | Additional Area Recommended |
|---|---|---|
| SYNOD BIOSCIENCE,<br>Ezhupunna South, Cherthala,<br>Alappuzha - 688 535<br>Ph: 8073815184<br>Email: info@synod.in | In-vessel Organic Waste Composter (Wonder-bin) on PPP projects<br>Compressed Biogas through anaerobic digestion and VPSA technology purification on PPP projects | Empanelled for Design, Setting up, Operation and Maintenance of community level biogas units. |

നിബന്ധനകൾ

1. മുകളിൽ പറഞ്ഞ ഏജൻസിയുടെ സേവനകാലാവധി 19-06-2027 വരെ ആയിരിക്കും. ആയതിന് ശേഷം പ്രവർത്തനകാര്യക്ഷമത വിലയിരുത്തി എംപാനൽമെൻ്റ് പുതുക്കി നൽകുന്നത് സംബന്ധിച്ച് കമ്മിറ്റി തീരുമാനമെടുക്കുന്നതാണ്.
2. സേവനദാതാക്കൾ എല്ലാ വർഷവും ഏപ്രിൽ 30-ന് മുമ്പായി താങ്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓഡർ), വാർഷിക ഓഡിറ്റഡ് സ്റ്റേറ്റ്മെൻ്റിൻ്റെ പകർപ്പ് എന്നിവ ശുചിത്വമിഷനിൽ ലഭ്യമാക്കേണ്ടതാണ്.
3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ അതാത് മേഖലകളിലുള്ള എല്ലാ സേവനദാതാക്കൾക്കും തങ്ങളുടെ ഓഫർ നൽകുവാൻ അവസരം നൽകുന്ന രീതിയിൽ രേഖാമൂലമുള്ള അറിയിപ്പുകൾ നൽകേണ്ടതാണ്. ടെൻഡർ നടപടിക്രമങ്ങളിൽ പങ്കെടുത്തുകൊണ്ട് മാത്രമേ സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തി ഏറ്റെടുക്കുവാൻ പാടുള്ളൂ.
4. എല്ലാ സേവനദാതാക്കളും ഓരോ സാമ്പത്തിക വർഷവും കുറഞ്ഞത് 5 ടെണ്ടറുകളിലെങ്കിലും പങ്കെടുക്കേണ്ടതും, ടി രേഖകൾ എല്ലാ വർഷവും ഏപ്രിൽ 30-ന് മുമ്പായി ശുചിത്വമിഷനിൽ സമർപ്പിക്കേണ്ടതുമാണ്.
5. ഈ മേഖലയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും, മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ച വേണം സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവനം നൽകേണ്ടത്.
   സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം താങ്കൾക്ക് അംഗീകാരം നൽകിയിട്ടുള്ള സേവന മേഖലയിൽ മാത്രമേ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ പാടുള്ളൂ.
6. അംഗീകാരം ലഭിക്കുന്നതിനായി ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ സമർപ്പിച്ച പ്രോസസ്സ് ഫ്ലോ പ്രകാരം പ്ലാൻറ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കേണ്ടതും, നിലവിലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്. 2016 (കാലാകാലങ്ങളിൽ ഭേദഗതി വരുത്തുന്നത്) പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതും, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൻ്റെ അനുമതികൾ നേടിയ ശേഷം മാത്രമേ കമ്മ്യൂണിറ്റിതല പ്ലാൻ്റുകൾ സ്ഥാപിക്കുവാൻ പാടുള്ളൂ.

7. മാലിന്യം ട്രാൻസ്പോർട്ടേഷൻ ചെയ്യുന്നതുമായി ബന്ധപ്പെട്ട സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. മാലിന്യനീക്കത്തിന് GPS ഘടിപ്പിച്ച വാഹനങ്ങൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. മാലിന്യം കൊണ്ടുപോകുന്ന വാഹനം സുരക്ഷിതമായി മൂടി മാത്രമേ ട്രാൻസ്പോർട്ടേഷൻ നടത്താവൂ. മാലിന്യ ശേഖരിക്കുമ്പോഴും, മാലിന്യ സംസ്കരണ പ്ലാൻറ് പ്രവർത്തിക്കുമ്പോഴും പരിസരത്ത് ഈച്ച, കൊതുക്, ലീച്ചേറ്റ് എന്നിവ മൂലം പരിസര മലിനീകരണം ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

8. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി കമ്മ്യൂണിറ്റിതല പ്ലാൻ്റുകൾ സ്ഥാപിക്കുമ്പോൾ പ്രസ്തുത സ്ഥാപനം ആവശ്യപ്പെടുന്ന പക്ഷം നിർബന്ധമായും ടി പ്ലാൻ്റിൻ്റെ തുടർ പ്രവൃത്തി പരിപാലനം (നിരക്ക് സംബന്ധിച്ച് കരാറിലേർപ്പെട്ട്) 3 വർഷം എങ്കിലും ഉറപ്പ് വരുത്തേണ്ടതും, ആയതിന് ശേഷം വർഷത്തിൽ ഒരിക്കൽ നിർബന്ധമായും അവർ സ്ഥാപിക്കുന്ന മാലിന്യ സംസ്കരണ ഉപാധികൾ/ പ്ലാൻ്റുകൾ പരിശോധിച്ച് പ്രവർത്തനക്ഷമത ഉറപ്പാക്കേണ്ടതും, ആവശ്യമെങ്കിൽ അറ്റകുറ്റപ്പണി ചെയ്ത് നവീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രൊപ്പോസൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്.

9. സേവന ദാതാക്കൾ അവർ ഏറ്റെടുക്കുന്ന (സ്ഥാപിക്കുന്ന) പ്രവൃത്തി സംബന്ധിച്ച വിശദ വിവരങ്ങൾ (പ്രോജക്റ്റിൻ്റെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓർഡർ), ഗുണഭോക്താക്കളുടെ വിവരം, പ്രോജക്ട് ലൊക്കേഷൻ, പ്ലാന്റിന്റെ കപ്പാസിറ്റി, വാറണ്ടി പിരിയഡ്, പീരിയോഡിക് ഇൻസ്പെക്ഷൻ ഡീറ്റെയിൽസ് എന്നിവ) നിർബന്ധമായും രജിസ്റ്റർ ചെയ്ത് സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്ന പക്ഷം ശുചിത്വ മിഷനിൽ ഹാജരാക്കേണ്ടതുമാണ്.

10. സ്ഥാപിക്കുന്ന പ്ലാൻ്റുകളുടെ ഗുണനിലവാരവും, ഏജൻസിയുടെ പ്രവർത്തന മികവും,സേവന മികവും ശുചിത്വ മിഷൻ വിലയിരുത്തുന്നതും, ആയതിൻ്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

11. സേവനദാതാക്കളെക്കുറിച്ച് എന്തെങ്കിലും പരാതികൾ പൊതുജനങ്ങളിൽ നിന്നോ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഉണ്ടാകുന്ന പക്ഷം ശുചിത്വമിഷൻ അത് ഗൗരവമായി കണ്ട് മേൽ നടപടി കൈക്കൊള്ളുന്നതാണ്.

12. സർക്കാർ/ ശുചിത്വമിഷൻ നടത്തുന്ന മാലിന്യ സംസ്കരണ പരിപാടികളിൽ എല്ലാ സേവനദാതാക്കളുടെയും സഹകരണം ഉറപ്പാക്കേണ്ടതാണ്.

13. സേവന ദാതാക്കൾ മേൽ പറഞ്ഞ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണം മേൽ പറഞ്ഞവയ്ക്ക് വിരുദ്ധമായി കാണുന്ന പക്ഷമോ, ശുചിത്വ മിഷൻ കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾക്ക് വിധേയമായോ യാതൊരു അറിയിപ്പും കൂടാതെ ഏതു സമയത്തും അംഗീകാരം റദ്ദ ചെയ്യുന്നതിന് ശുചിത്വമിഷന് അധികാരമുണ്ടായിരിക്കുന്നതാണ്.

14. മേൽ പറഞ്ഞ കരാർ വ്യവസ്ഥകളിലെ ലംഘനം ഉണ്ടാകുന്ന പക്ഷം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം ടി ഏജൻസിക്ക് ഫൈൻ ചുമത്തേണ്ടതും ടി തുക ഏജൻസിക്ക് നൽകുവാനുള്ള തുകയിൽ നിന്നും തിരിച്ചുപിടിക്കേണ്ടതുമാണ്.

U.V.Jose IAS (Retd)

EXECUTIVE DIRECTOR

സ്വീകർത്താവ് :

SYNOD BIOSCIENCE

പകർപ്പ് :

1. പ്രിൻസിപ്പൽ ഡയറക്ടർ. ത.സ്വ.ഭ.വ. (അറിവിലേയ്ക്കായി)
2. ചീഫ് എഞ്ചിനീയർ, LID &EW തദ്ദേശ സ്വയംഭരണ വകുപ്പ്.
3. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും.
4. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ ഓർഡിനേറ്റർമാർ മുഖേന )
5. വെബ് സൈറ്റ്, ഓഫീസ് കോപ്പി/കരുതൽ ഫയൽ.